**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **16-03-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ കോവിഡ് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ഒന്നും, രണ്ടും ഘട്ട വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം തരം തിരിച്ച് നൽകാമോ; | (എ) | 14/03/2022 രാവിലെ 11 മണി വരെയുള്ള കണക്കുകൾ പ്രകാരം വയനാട് ജില്ലയിൽ ഒന്നും, രണ്ടും ഘട്ട വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ജില്ലയിൽ ബൂസ്റ്റർ ഡോസ് സ്വീകരിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | വയനാട് ജില്ലയിൽ 28,352 പേർ ബൂസ്റ്റർ ഡോസ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആദിവാസി ഗോത്രവിഭാഗത്തിൽപ്പെട്ട എത്ര പേർ നിലവിൽ വാക്സിൻ സ്വീകരിച്ചു; താലൂക്ക് തിരിച്ച് വിവരം നൽകാമോ; | (സി) | വയനാട് ജില്ലയിൽ വാക്സിൻ സ്വീകരിച്ച 15 വയസ്സിനു മുകളിൽ പ്രായമുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ കണക്കുകൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | വാക്സിൻ സ്വീകരിക്കുവാൻ വിമുഖത കാണിക്കുന്നവർക്ക് മാനസിക ധൈര്യം നൽകാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) | കോവിഡ് വാക്സിനേഷനോട് വിമുഖത കാണിക്കുന്നവർക്ക് വാക്സിനേഷൻ സംബന്ധിച്ച ആശങ്കകൾ അകറ്റുന്നതിനും മാനസിക പിന്തുണ നൽകുന്നതിനുമായി ജില്ലാ മാനസികാരോഗ്യ പദ്ധതിയിലെ കൗൺസിലർമാരും, ആർ.ബി.എസ്.കെ നഴ്സുമാരും പരിശ്രമിക്കുന്നുണ്ട്. ഇതുകൂടാതെ ആരോഗ്യ പ്രവർത്തകർ, വാർഡ് മെമ്പർമാർ എന്നിവരുടെ സഹായത്താൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ നടത്തി വരുന്നു. കൂടാതെ IEC പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| വാക്സിൻ സ്വീകരിച്ച ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം | | |
|---|---|---|
| താലൂക്ക് | വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം | |
| | ഒന്നാം ഡോസ് | രണ്ടാം ഡോസ് |
| സുൽത്താൻ ബത്തേരി | 42577 | 36830 |
| മാനന്തവാടി | 40989 | 38500 |
| വൈത്തിരി | 29214 | 27572 |